"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ്-സൂപ്പർ ന്യൂമററി തസ്തികയിൽ ജോലി നോക്കുന്ന ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് കൺവയൻസ് അലവൻസ് അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## ധനകാര്യ (വ്യയം-സി) വകുപ്പ്

സ.ഉ(അച്ചടി) നം.126/2021/ധന. തിരുവനന്തപുരം, തിയതി: 12/09/2021

---

പരാമർശം:- 1) സ.ഉ(പി) നം.364/1980/ധന തീയതി 11.06.1980
2) സ.ഉ(പി) നം. 101/91/ധന തീയതി 02.02.1991
3) സ.ഉ(പി) നം. 71/2005/ധന തീയതി 10/02/2005
4) സ.ഉ(പി) നം. 01/2016/സാ.നീ.വ തീയതി 03/02/2016
5) മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ കത്ത് നം. എ.എച്ച്.ഡി 430/2021/കെ1 തീയതി 08.04.2021

## ഉത്തരവ്

ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് സ്പെഷ്യൽ കൺവയൻസ് അലവൻസ് അനുവദിച്ചു കൊണ്ട് സർക്കാർ പരാമർശം (1), (2) ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം താൽക്കാലിക അടിസ്ഥാനത്തിൽ നിയമിതരാകുന്ന ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് സ്പെഷ്യൽ അലവൻസ് (കൺവയൻസ് അലവൻസ്) അനുവദിച്ചു കൊണ്ട് പരാമർശം (3) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. എന്നാൽ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതരാകുന്ന ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് സ്പെഷ്യൽ അലവൻസ് (കൺവയൻസ് അലവൻസ്) അനുവദിക്കുന്നതിന് നിലവിൽ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. മൃഗസംരക്ഷണവകുപ്പിനു കീഴിൽ സൂപ്പർന്യൂമററി തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് കൺവയൻസ് അലവൻസ് അനുവദിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് പരാമർശം (5) പ്രകാരം മൃഗസംരക്ഷണ വകുപ്പ്

ഡയറക്ടറിൽ നിന്നും ശുപാർശ ലഭിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ സ്ഥിരം ജീവനക്കാർക്ക് ലഭിക്കുന്ന അവധി, യാത്രാബത്ത, ദിനബത്ത, മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ആനുകൂല്യങ്ങൾ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതരാകുന്ന ഭിന്നശേഷിക്കാരായ ജീവനക്കാർക്കും പരാമർശം (4) പ്രകാരം സർക്കാർ അനുവദിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പരാമർശം (4) ഉത്തരവിന്റെ പരിധിയിൽ വരുന്ന ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് നിലവിലുള്ള വ്യവസ്ഥകൾക്ക വിധേയമായി സ്പെഷ്യൽ അലവൻസ് (കൺവയൻസ് അലവൻസ്) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി ആനുകൂല്യത്തിന് ഉത്തരവ് തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സഞ്ജയ് എം കൗൾ**

**ധനകാര്യ വ്യയം സെക്രട്ടറി**

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-2), കേരള, തിരുവനന്തപുരം
എല്ലാ വകുപ്പ് മേധാവികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
സംസ്ഥാന വികലാംഗ കമ്മീഷണർ, തിരുവനന്തപുരം
സെക്രട്ടറി, പി.എസ്.സി
രജിസ്ട്രാർ, കേരള/കൊച്ചി/ കോഴിക്കോട്/എംജി/കണ്ണൂർ/സംസ്കൃത സർവകലാശാലകൾ
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ, കേരള കാർഷിക സർവകലാശാല

രജിസ്ട്രാർ,കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ

സെക്രട്ടറി, കെ.എസ്.ഇ.ബി

ജനറൽ മാനേജർ, കെ.എസ്.ആർ.ടി.സി

ഡയറക്ടർ, പബ്ളിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, ട്രഷറി, തിരുവനന്തപുരം

നോഡൽ ഓഫീസർ www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

നം: 1765536/വ്യയം-സി1/153/2021-ധന